SK

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം: 0471 2317983 ഫാക്സ് : 0471 2310192 ഇ-മെയിൽ : secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം
14/02/2025

ROC No. 87/23/Est-1

## സർക്കുലർ

വിഷയം :- തിരുവിതാംകൂർ ദേവസ്വം ബോർഡ് - വിവിധ ആഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്.

സൂചന :- 11-02-2025 ലെ ബോർഡ് തീരുമാനം.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വിവിധ ആഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്കും പരാതികൾക്കും ജീവനക്കാർക്കായുളള സേവനങ്ങൾക്കും എല്ലാ ആഫീസുകളിലെ ഫയലുകളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾക്കും സമയക്രമം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് ബോർഡ് വിലയിരുത്തി.

ബോർഡിന്റെ കീഴിലുളള വിവിധ ആഫീസുകളിൽ ലഭിക്കുന്ന പരാതികളുടേയും അപേക്ഷകളുടേയും ഫയലുകളുടേയും നീക്കത്തിന് കാലതാമസം ഒഴിവാക്കേണ്ടത് അനിവാര്യമാണ്. ആകയാൽ ബോർഡിന് കീഴിലുളള സബ്ഗ്രൂപ്പ് ആഫീസുകൾ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസുകൾ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസുകൾ, അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസുകൾ, എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസുകൾ, തിരുവാഭരണം കമ്മീഷണർ ആഫീസ് തുടങ്ങി ബോർഡ് ആഫീസ്, ദേവസ്വം കമ്മീഷണർ ആഫീസ്, ചീഫ് എഞ്ചിനീയർ ആഫീസ്, വിജിലൻസ് വിഭാഗം, ദേവസ്വം അക്കൗണ്ട്സ് ആഫീസ്, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസ്, ഫിനാൻസ് & ഇൻസ്പെക്ഷൻ ആഫീസ്, സാംസ്ക്കാരിക പുരാവസ്തു വിഭാഗം, ആഡിറ്റ് ആഫീസുകൾ തുടങ്ങി മുഴുവൻ ആഫീസുകളിലും ലഭിക്കുന്ന അപേക്ഷകളും പരാതികളും എത്ര ദിവസത്തികം എന്തെല്ലാം തരത്തിലുളള നടപടികൾ സ്വീകരിക്കണമെന്നത് സംബന്ധിച്ചും ഓരോ ആഫീസുകളിലെ ഫയലുകളിലും ഓരേ സെക്ഷനുകളിലും അനുവദിക്കാവുന്ന സമയക്രമം സംബന്ധിച്ചും ഇതു സംബന്ധിച്ച് നിലവിലുളള ഉത്തരവുകൾ കൂടി പരിശോധിച്ച് വ്യക്തമായ ശുപാർശകൾ അതത് വകുപ്പ് മേധാവികൾ അവരവരുടെ കീഴിലുളള ആഫീസുകളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് അയയ്ക്കേണ്ടതും അതിന്മേൽ ചർച്ച നടത്തുന്നതിനായി ദേവസ്വം കമ്മീഷണർ,

(മറുപുറം)

സൂപ്രണ്ട് ഓഫ് പോലീസ്, ലാ ആഫീസർ, തിരുവാഭരണം കമ്മീഷണർ, ചീഫ് എഞ്ചിനീയർ, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ, സാംസ്ക്കാരിക പുരാവസ്തു വിഭാഗം ഡയറക്ടർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർമാർ എന്നിവരുടെ ഒരു യോഗം ഫെബ്രുവരി 19 -ാം തീയതി 2 PM -ന് ദേവസ്വം ബോർഡ് ആഫീസിൽ വച്ച് നടത്താൻ തീരുമാനിക്കുന്നു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവരവരുടെ കീഴിലുള്ള ആഫീസുകളിലെ മേൽപറഞ്ഞ വിവരങ്ങൾ 17-02-2025 ന് മുമ്പായി ബോർഡ് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതും മീറ്റിംഗിൽ നിർബന്ധമായും നേരിൽ പങ്കെടുത്ത് അഭിപ്രായം രേഖപ്പെടുത്തേണ്ടതുമാണ്.

(ഒപ്പ്)
സെക്രട്ടറി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ
3. തിരുവാഭരണം കമ്മീഷണർ
4. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
5. ലാ ആഫീസർ
6. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
7. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
8. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഫിനാൻസ് & ഇൻസ്പെക്ഷൻ
9. ഡയറക്ടർ, സാംസ്ക്കാരിക പുരാവസ്തു വിഭാഗം
10. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
11. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
12. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
13. എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും
14. ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർമാർക്കും
15. സെക്ഷൻ ഫയൽ
16. ഫയൽ ബുക്ക്
17. ഫെയർ ആഫീസ് കോപ്പി

SK 18. IT Division